പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.1171.

20.1.2014 -ൽ
മറുപടിയ്ക്ക്

## കോളേജുകൾക്ക് സ്വയംഭരണ പദവി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ഡോ.എൻ.ജയരാജ്.<br>ശ്രീ.എം.വി.ശ്രേയാംസ് കുമാർ.<br>ശ്രീ.പി.സി.ജോർജ്ജ്.<br>ശ്രീ.റോഷി അഗസ്റ്റിൻ. | | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) | കോളേജുകൾക്ക് സ്വയംഭരണ പദവി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) | ഉണ്ട്. 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സിയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം സ്വയംഭരണപദവി നൽകുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി)<br>&<br>(സി) | സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എന്നാൽ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം മികച്ച നിലവാരമുള്ള കോളേജുകൾക്ക് അക്കാഡമിക് സ്വയംഭരണാവകാശം അനുവദിച്ച് പ്രവർത്തന സ്വാതന്ത്ര്യം നല്കുവാനാണ് ഉദ്ദേശിക്കുന്നത്. സ്വയംഭരണപദവി ലഭിക്കുന്ന കോളേജുകൾക്ക് പുതിയ കോഴ്സുകൾ തുടങ്ങാനും സിലബസ് രൂപവൽക്കരിക്കാനും പരിഷ്കരിക്കാനും അധികാരമുണ്ടായിരിക്കും. ഇതിലൂടെ പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് കാലാനുസൃതമായി നവീനമായ കോഴ്സുകൾ രൂപപ്പെടുത്തുന്നതിന് കോളേജുകൾക്ക് കഴിയും. |
| (സി) | സ്വയംഭരണപദവി നൽകുന്നതിലൂടെ ഉന്നതവിദ്യാഭ്യാസ രംഗത്തു കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ